**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 889** **31-01-2024 - ൽ മറുപടിയ്ക്ക്**

**നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനഗ്രാമങ്ങളിൽ നിന്നും മാറി താമസിക്കുന്നതിനായി വീടുകൾ പൊളിച്ചുമാറ്റിയവർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകാത്തതിനാൽ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്‌മെന്റ് പദ്ധതി മുഖേനെ അംഗീകരിച്ച് ലഭിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. നാളിതുവരെ 782 അപേക്ഷകർക്ക് പദ്ധതിപ്രകാരം സാമ്പത്തിക പാക്കേജ് നൽകിയിട്ടുള്ളതാണ്. 2023-2024 സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണമായി ഉപയോഗിച്ചതിനുശേഷം അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന മുറയ്ക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ് . സാമ്പത്തിക സഹായത്തിനായുള്ള 181 അപേക്ഷകൾ അംഗീകൃത മാർഗ്ഗരേഖ പ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്; നാളിതുവരെ എത്ര പേർക്ക് എത്ര ഗഡു തുക കൈമാറിയിട്ടുണ്ട്; തുക പൂർണ്ണമായും കൈമാറി ഇവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | വനംവകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 782 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 782 അർഹതകുടുംബങ്ങളിൽ, 497 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 285 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്.<br><br>ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 95.925 കോടി രൂപ (റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി മുഖേനെ 72.525 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 23.4 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിന്റെ വിശദാംശം പട്ടികരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ അംഗീകരിച്ച് ലഭിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. 2023 - 2024 സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണമായി ഉപയോഗിച്ചതിനുശേഷം അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | അർഹതപ്പെട്ട കുടുംബ യൂണിറ്റുകൾ | അനുവദിച്ച സാമ്പത്തിക പാക്കേജ് (കോടി) |
|---|---|---|
| പൂർണ്ണമായും സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 497 | 74.55 |
| ആദ്യ ഗഡു സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 285 | 21.375 |
| ആകെ | 782 | 95.925 |